"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ്- കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയ്ക്ക് - ഫോർ കളർ ഷീറ്റ്ഫെഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിന് ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.72/2026/PPAD തീയതി,തിരുവനന്തപുരം, 15-05-2026

---

പരാമർശം:- കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി മാനേജിംഗ് ഡയറക്ടറുടെ 02.04.2025 ലെ പി1-3560/2025/1546 നമ്പർ കത്ത്

<u>ഉത്തരവ്</u>

പാഠപുസ്തക അച്ചടിയുടെയും ലോട്ടറിയുടെയും വൻ തോതിലുള്ള ആവശ്യകതയനുസരിച്ച് അതാത് വകുപ്പുകൾ നൽകുന്ന ഷെഡ്യൂൾ അനുസരിച്ച് സമയബന്ധിതമായി അച്ചടിച്ച് വിതരണം നടത്തുന്നത് യുദ്ധകാലാടിസ്ഥാനത്തിലാണെന്നും, കൂടാതെ വിവിധ നിറങ്ങളിൽ അച്ചടിക്കേണ്ടതിന്റെ ആവശ്യകതയും വർദ്ധിച്ചുവരുന്നുവെന്നും നിലവിൽ 17 വർഷം പഴക്കമുള്ള ഓഫ്സെറ്റ് മെഷീൻ ആണുള്ളതെന്നും ഭാവിയിലെ ആവശ്യങ്ങൾ പഴയ മെഷീൻ കൊണ്ട് നിർവഹിക്കുവാൻ കഴിയാതെവരുമെന്നും ആയതിനാൽ ആധുനിക സാങ്കേതികവിദ്യയോടെയുള്ള ഒരു പുതിയ ഫോർ കളർ ഷീറ്റ്ഫെഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ 10 കോടി രൂപ ചെലവിൽ വാങ്ങുന്നതിന് 176-ാമത് ഗവേണിങ് ബോഡി യോഗം അംഗീകരിച്ചിട്ടുണ്ടെന്നും ആയത് വാങ്ങുന്നതിന് അനുമതി നൽകണമെന്നും കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി മാനേജിംഗ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിക്ക് സ്റ്റോർസ് പർച്ചേസ് മാന്വൽ വ്യവസ്ഥകൾ/ നടപടിക്രമങ്ങൾ കർശനമായി പാലിച്ചുകൊണ്ട് സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകുകയില്ല എന്ന വ്യവസ്ഥയിൽ 10 കോടി രൂപ ചെലവിൽ ഒരു ഫോർ കളർ ഷീറ്റ്ഫെഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ തനത് ഫണ്ട് ഉപയോഗിച്ച് വാങ്ങിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി, കാക്കനാട് , കൊച്ചി
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ് (06.03.2026 ലെ 31444444/പി യു-സി2/91/2025-ഫിൻ)
5. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി ആർ ഡി
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 16-05-2026 11:08:27

സെക്ഷൻ ഓഫീസർ